**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **10-08-2023 - ൽ മറുപടിയ്ക്ക്**

**രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറക്കൽ ഗ്രാമ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്ന ചൊവ്വര പ്ലാന്റിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എൻജിനീയർ തയ്യാറാക്കി 02.05.2023-ന് ഭരണാനുമതിക്കായി സമർപ്പിച്ച 344.42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | **വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് കാരണമാകുന്ന ചൊവ്വര പ്ലാന്റിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി 11/04/2023-ൽ എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ വൈപ്പിൻ എം.എൽ.എ. ശ്രീ.ഉണ്ണികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചൊവ്വര ജലശുദ്ധീകരണശാലയിലെ വൈദ്യുതിതടസ്സം ഒഴിവാക്കുന്നതിനായി ആലുവയിൽ നിന്നും** കെ.എസ്.ഇ.ബി **ഫീഡർ ലൈൻ സ്ഥാപിക്കുവാൻ തീരുമാനം എടുത്തു. ആയതനുസരിച്ച് 12/04/2023 ൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷനിൽ കത്ത് നൽകുകയും 02/05/2023 ന് പ്രവൃത്തിയ്ക്കായി 3,44,42,000/- രൂപയുടെ അടങ്കൽ തുക അടയ്ക്കണമെന്ന് അറിയിക്കുകയും ചെയ്തു. (02/05/2023ലെ AS No.17/ECP/2023-24/PBVR/T4/HT-DW KWA Chowara) 29.05.2023 തീയതിയിൽ കൂടിയ ഡി ഡബ്ല്യു എസ് എം യോഗത്തിൽ ഇത് അംഗീകരിക്കുകയും ഇതിനുള്ള അനുമതിക്കായി ജെജെഎം പദ്ധതികൾ സംസ്ഥാന തലത്തിൽ അംഗീകരിക്കുന്ന എസ് എൽ എസ് സി യുടെ പരിഗണനക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ അനുമതിക്കായി ജെജെഎം പദ്ധതികൾ സംസ്ഥാന തലത്തിൽ അംഗീകരിക്കുന്ന എസ് എൽ എസ് സി-യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട് . അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ